# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1919

11.02.2020 -ൽ മറുപടി
നൽകേണ്ടത്

## നൂതനമായ കോഴ്സുകൾ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി.രാജേഷ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) വിശേഷാൽ ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിച്ചിട്ടില്ലാത്തതിനാൽ പല പൊതുമേഖലാ സ്ഥാപനങ്ങളിലും അപെക്സ് സഹകരണ സംഘങ്ങളിലുമുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ സാധിക്കാത്ത സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) നിയമന ചട്ടം രൂപീകരിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ അടിയന്തിരമായി നിയമന ചട്ടം രൂപീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ നിയമത്തിലെ വകുപ്പ് 80(3 എ) പ്രകാരം ഷെഡ്യൂൾ 1ൽ ഉൾപ്പെടുത്തിയിട്ടുള്ള സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന അപ്പെക്സ് സ്ഥാപനങ്ങളിൽ വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ച് പി.എസ്.സി. വഴി നിയമനങ്ങൾ നടത്തുന്നുണ്ട്. |
| (ബി) നൂതനമായ കോഴ്സുകൾ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താത്തതിനാൽ പ്രസ്തുത കോഴ്സുകൾ പഠിച്ചിറങ്ങുന്ന കുട്ടികൾ പി.എസ്.സി. അപേക്ഷ ക്ഷണിച്ച പല | (ബി) അതാതു പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രവർത്തന മേഖലയ്ക്ക് അനുസൃതമായ വിദ്യാഭ്യാസ യോഗ്യത തീരുമാനിക്കുന്നത് അതാത് സ്ഥാപനത്തിന്റെ അധികാരികളാണ്. ഇത് സംബന്ധിച്ച് |

തസ്തികകളിലും അപേക്ഷിക്കാൻ യോഗ്യരാകുന്നില്ലെന്നത് കണക്കിലെടുത്ത്. ഒരു യോഗ്യതയ്ക്ക് സമാനമായ തത്തുല്യമായ യോഗ്യതകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിൽ/എക്സിക്യൂട്ടീവ് ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

സ്ഥാപന മേധാവികൾ സർക്കാരിനെ അറിയിക്കുകയും സർക്കാർ നിയമന ചട്ടങ്ങളിൽ അവ ഉൾപ്പെടുത്താൻ അനുകൂലമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങളിലെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതനുസരിച്ച് കാലാ കാലങ്ങളിൽ യോഗ്യതയിൽ മാറ്റം വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**